# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 12 — 10-12-2012-ന് മറുപടി നൽകേണ്ടത്

**ജനസമ്പർക്ക പരിപാടി**

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കഴിഞ്ഞ ഒരു വർഷത്തെ കർമ്മ പദ്ധതികളെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ; | (എ) | ഒരു വർഷത്തെ കർമ്മപദ്ധതികളെ സംബന്ധിച്ച് 16-10-2012-ൽ കൂടിയ മന്ത്രിസഭായോഗം അവലോകനം നടത്തുകയുണ്ടായി |
| (ബി) | എങ്കിൽ പ്രധാനനേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഒരു വർഷ കർമ്മപദ്ധതിയുടെ ഭാഗമായി മൊത്തം 664 പദ്ധതികളാണ് ഏഴിനങ്ങളിലായി പ്രഖ്യാപിച്ചത്. ഇതിൽ 374 എണ്ണം പൂർണ്ണമായി നടപ്പാക്കാനായി. 235 എണ്ണം നടപ്പാക്കിവരുന്നു. 91.71% നേട്ടം കൈവരിക്കാൻ സാധിച്ചു.<br>സേവനാവകാശ ബിൽ നിയമസഭ പാസ്സാക്കി. മാലിന്യ സംസ്കരണത്തിന് 'സിയാൽ' മാതൃകയിൽ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചു. എമേർജിംഗ് കേരള വിജയകരമായി നടത്തി. അതിൽ ഉയർന്ന നിക്ഷേപ നിർദ്ദേശങ്ങളുടെ തുടർനടപടികൾക്കായി മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചു. കൊച്ചി മെട്രോ റയിലിന് പ്രധാനമന്ത്രി തറക്കല്ലിട്ടു. തിരുവനന്തപുരം (5,100 കോടി), കോഴിക്കോട് (4,500 കോടി), മോണോ റയിൽ പദ്ധതികളിൽ കോഴിക്കോടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ റോഡ്, റയിൽ, വെള്ളം എന്നിവയുടെ പണികൾ തുടങ്ങി. സർക്കാർ ആശുപത്രികളിൽ 952 ഇനം ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി തുടങ്ങി, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, ഹീമോഫീലിയ തുടങ്ങി മാരകരോഗമുള്ളവരും 3 ലക്ഷത്തിനു താഴെ വരുമാനമുള്ളവരുമായ ബി.പി.എൽ. വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപ വരെ ലഭിക്കുന്ന കാരുണ്യ ധനസഹായ പദ്ധതി നടപ്പാക്കി. എൻഡോ സൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ നടപ്പാക്കി. കണ്ണൂർ വിമാനത്താവളത്തിന്റെ |

(.........2)

| | | |
|---|---|---|
| | | പരിസ്ഥിതി പഠനം പൂർത്തിയായി. തിരൂരിൽ മലയാളം സർവ്വകലാശാല സ്ഥാപിച്ചു. മലയാളം നിർബന്ധ ഭാഷയും ഒന്നാം ഭാഷയുമാക്കി ഉത്തരവായി തുടങ്ങി 664 ഇനങ്ങളാണ് ഒരു വർഷ കർമ്മപദ്ധതിയിൽപ്പെട്ട പ്രധാന നേട്ടങ്ങൾ. |
| (സി) | കഴിഞ്ഞ വർഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കാൻ കഴിഞ്ഞു ; | (സി) കേന്ദ്രസഹായത്തോടെ നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കാൻ സംസ്ഥാന സർക്കാരിനായിട്ടുണ്ട്. കൊച്ചി മെട്രോ റയിൽപദ്ധതി, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യസാധനങ്ങളുടെ വിതരണം SILK-ഉം HEL-ഉമായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായിച്ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd. SCL-ഉം SAIL-ഉമായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തുനിന്നും തിരുവനന്തപുരത്തേയ്ക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർഫോഴ്സിന്റെ പഴയ വിമാനം അനുവദിക്കുന്നതിന് നടപടി, ജൻറം പദ്ധതിപ്രകാരം തിരുവനന്തപുരം കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാ സ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം എന്നിവ കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുത്ത പ്രധാന പദ്ധതികളാണ്. |
| (ഡി) | ജനസമ്പർക്ക പരിപാടിയിലെ ജനപങ്കാളിത്തം കണക്കിലെടുത്ത് ഈ വർഷവും പ്രസ്തുത പരിപാടി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ